# തൃശൂർ ജില്ലാ ഹകരണ ബാങ്ക് ക്ലിപ്തം

സഹകരണ ശതാബ്ദി മന്ദിരം ഓഡിറ്റോറിയം

കോവിലകത്തുംപാടം, തൃശൂർ

<u>ഓഡിറ്റോറിയവും അനുബന്ധങ്ങളും ഉപയോഗിക്കുന്നവർ അനുസരിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും</u>

1. ഓഡിറ്റോറിയം ഹാളിലോ, ഭോജനശാലയിലോ, താമസമുറികളിലോ, അടുക്കളയിലോ മറ്റനുബന്ധങ്ങളിലോ മദ്യവും പുകവലിയും നിരോധിച്ചിരിക്കുന്നു.
2. ഓഡിറ്റോറിയത്തിൽ ചായ ഉൾപ്പെടെ ഭക്ഷണം വിളമ്പാൻ അനുവാദമില്ല. അലങ്കാരത്തിനുവേണ്ടിയോ മറ്റുതരത്തിലോ കെട്ടിടത്തിന്റെ ഒരു ഭാഗത്തും ആണിയടിക്കുകയോ കടലാസ് ഒട്ടിക്കുകയോ ചെയ്യരുത്.
3. വെളിച്ചം ഫാൻ/AC എന്നീ ആവശ്യങ്ങൾക്കല്ലാതെ വൈദ്യുതി ഉപയോഗിക്കാൻ പാടില്ല.
4. അനുവദിക്കാവുന്ന നിശ്ചിതപരിധിവിട്ടുള്ള വൈദ്യുതി ഉപയോഗം ഉണ്ടായാൽ, ടി വൈദ്യുതിക്കുള്ള ചാർജ്ജ് പാർട്ടിയിൽനിന്ന് ഈടാക്കുന്നതാണ്.
5. വൈദ്യുതാലങ്കാരങ്ങൾ ഉണ്ടെങ്കിൽ അതിന് പാർട്ടി ജനറേറ്റർ കൊണ്ടുവരേണ്ടതാണ്. വൈദ്യുതാലങ്കാരവിവരം നേരത്തെ ബാങ്ക് ചാർജ്ജ്-ഓഫീസറെ അറിയിച്ച് അനുമതി വാങ്ങേണ്ടതുമാണ്.
6. ബാങ്കിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്റർ അവിടത്തെ സ്ഥിരം സംവിധാനങ്ങൾക്ക് ആവശ്യം വരുമ്പോൾ ഉപയോഗിക്കാൻ വേണ്ടിയുള്ളതാണ്.
7. ഇവിടെയുള്ള ഫർണീച്ചർ ഉപകരണങ്ങൾ മുതലായവ മതിയാകാതെ വരികയോ മറ്റേതെങ്കിലും പ്രത്യേക സാധനങ്ങളോ ഉപകരണങ്ങളോ ഇവിടെയില്ലാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ മാത്രമെ അത്തരം വസ്തുക്കൾ പുറത്തുനിന്നു കൊണ്ടുവരാൻ അനുവദിക്കുകയുള്ളൂ. ഇങ്ങിനെ കൊണ്ടുവരുന്ന - സാധനങ്ങളെപ്പറ്റി ചാർജ്ജ്-ഓഫീസറെ വിവരമറിയിച്ച് അനുമതി വാങ്ങേണ്ടതാണ്. അത്തരം സാധനങ്ങളുടെ ഉപയോഗത്തിന് വൈദ്യുതി ആവശ്യംവരുന്നപക്ഷം അതിനുള്ള വൈദ്യുതി ചാർജ്ജ് വേറെ ഈടാക്കുന്നതാണ്.
8. സാധാരണനിലയിൽ ടി ഹാൾ വിവാഹങ്ങൾക്കും വിവാഹ സൽക്കാരങ്ങൾക്കുമാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. തലേദിവസം 2മണി മുതൽ പിറ്റേദിവസം 2മണിവരെയുള്ള 24 മണിക്കൂർ ഒരു ദിവസമായി കാണ ക്കാക്കുന്നതാണ്. മേൽപ്രകാരം 24 മണിക്കൂറിൽ കുറഞ്ഞാലും ഒരു ദിവസമായി പരിഗണിക്കുന്നതാണ്.
   a) തലേന്ന് രാത്രി 8 മണിയോടെ ഭോജനശാല ഉപയോഗിക്കാൻ അനുവദിക്കുന്നതാണ്.
   b) അലങ്കാരങ്ങൾക്കുവേണ്ടി ഓഡിറ്റോറിയത്തിലെ സ്റ്റേജ് രാത്രി 10മണിക്കേ ലഭിക്കുവാൻ അർഹതയുള്ളൂ.
   c) ഉപകരണങ്ങൾക്ക് കേടുപാടുകളോ കുറവുകളോ ഉണ്ടാകുന്നതായാൽ നഷ്ടം നൽകേണ്ടതാണ്.
   d) മെയിൻ ഗേറ്റുകളിൽ അലങ്കാരങ്ങൾ അനുവദിക്കുന്നതല്ല. ആവശ്യമെങ്കിൽ ഹാളിലേക്ക് മാത്രമുള്ള പ്രവേശന കവാടത്തിൽ അലങ്കാരം നടത്താവുന്നതാണ്.
   e) ഹാൾ സമുച്ചയത്തെ സംബന്ധിച്ചിടത്തോളം ചെക്കിംഗ് ഔട്ട് സമയം ഉച്ചക്ക് 2മണിയായിരിക്കും.
   f) മേൽപറഞ്ഞ സമയപരിധികൾവിട്ട് ഹാളോ അനുബന്ധങ്ങളോ ഉപയോഗിക്കുവാൻ ടി സമയത്ത് മറ്റു ബുക്കിംഗുകളില്ലെങ്കിൽ അനുവാദം ലഭിച്ചുകൂടെന്നില്ല. പക്ഷെ, ഇത്തരത്തിലുള്ള അധികസമയോപയോഗത്തിന് അധിക ചാർജ്ജ് നൽകാൻ പാർട്ടിക്ക് ബാദ്ധ്യതയുണ്ടായിരിക്കും.

g) സ്റ്റേജിന്റെ വശത്തോടുചേർന്നുള്ള അണിയറ സൗകര്യത്തിന് പ്രത്യേക ചാർജ്ജ് ഈടാക്കുന്നതല്ല.

h) താമസമുറികൾ ഉപയോഗിക്കണമെങ്കിൽ ഇതിനുപ്രത്യേക ചാർജ്ജ് നൽകേണ്ടതാണ്. ടി മുറികളുടെ ചെക്കിംഗ് ഔട്ട് സമയം ഉച്ചക്ക് 2 മണിയായിരിക്കും.

i) സദ്യ, അലങ്കാരങ്ങൾ, ചടങ്ങുകൾ എന്നിവ ബാങ്കിൽനിന്ന് ഏർപ്പാടു ചെയ്യുന്നതല്ല. അത്തരം കാര്യങ്ങളുടെ നിർവ്വഹണത്തിനുള്ളവരെ കണ്ടെത്തേണ്ടത് പാർട്ടിയുടെ ചുമതലയാണ്.

9. ഹാൾ ബുക്ക് ചെയ്യുമ്പോൾ ആവശ്യമുള്ള ദിവസം, സമയം, ചടങ്ങ് എന്നിവ കാണിച്ച് നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതും, ബാങ്കിന്റെ നിബന്ധനകൾ അനുസരിച്ചു കൊള്ളാമെന്ന് അംഗീകരിച്ച് ഒപ്പിടേണ്ടതുമാണ്. ബുക്കിംഗ് - സമയത്ത് ബാങ്ക് ഭരണസമിതി തീരുമാനിച്ചുള്ള നിശ്ചിത തുക അഡ്വാൻ-ായി നൽകേണ്ടതും ആയതിനുള്ള രശീതി കൈപ്പറ്റേണ്ടതുമാകുന്നു. ടി അഡ്വാൻ-സ് തുക അവസാന ബില്ലിൽ വകവെച്ചുകൊടുക്കുന്നതാണ്.
10. ഹാൾ ഉപയോഗിക്കുമ്പോൾ ഓരോ ഇനത്തിനും ബാങ്ക് നിശ്ചയിച്ചിട്ടുള്ള വാടക/ സർവ്വീസ് ചാർസ്റ്റ് നിരക്കുകൾ നൽകാൻ ബാദ്ധ്യസ്ഥരാണ്. ഓഡിറ്റോറിയം, ഭക്ഷണശാല എന്നിവിടങ്ങളിലെ ഉറപ്പിച്ച വസ്തുക്കൾ, ഉപയോഗത്തിനെടുക്കുന്ന മറ്റു ഫർണീച്ചർ ഇനങ്ങൾ, സാധനങ്ങൾ, ഉപകരണങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്ക് അതാതുസമയം നിലവിലുള്ളതുമായ നിരക്കുകൾ അനുസരിച്ച് പണം നൽകേണ്ടതാണ്.
11. മരണം മുതലായ അവിചാരിത കാരണങ്ങളാൽ ചടങ്ങ് മാറ്റിവെക്കേണ്ടിവരുന്ന സാഹചര്യത്തിൽ അതേ ചടങ്ങ് ഇവിടത്തെ ഒഴിവനുസരിച്ച്, മറ്റൊരു ദിവസത്തേക്ക് മാറ്റാൻ തയ്യാറാവുന്നപക്ഷം അടച്ച അഡ്വാൻസ് സംഖ്യ ആ ദിവസത്തെ ബുക്കിംഗിനുള്ള അഡ്വാൻസായി പരിഗണിക്കുന്നതാണ്. പക്ഷെ ഇത്തരം സാഹചര്യങ്ങളുടെ വാസ്തവികതയും ഗൗരവവും ഭരണസമിതിക്ക് ബോദ്ധ്യംവരേണ്ടതാണ്.
12. വൈകുന്നേരങ്ങളിൽ ടീ പാർട്ടികൾക്ക് താഴത്തെ ഹാൾ അനുവദിച്ചുകൊടുക്കുന്ന സമയം 2 മുതൽ 7വരെയായിരിക്കും.
13. ഹാളിന്റെ ചുമതലക്കാരൻ നൽകുന്ന നിർദ്ദേശങ്ങൾ പരാതിയില്ലാതെ പാലിക്കേണ്ടതാണ്.
14. ഉപയോഗം കഴിഞ്ഞ് ബാക്കി സാധനങ്ങൾ കൊണ്ടുപോകുന്നതിനും മറ്റുമായി പാത്രങ്ങൾ ഇവിടെനിന്നു ലഭിക്കാൻ അവകാശമുണ്ടായിരിക്കുകയില്ല.
15. ആകെ ബിൽ തുകയിന്മേൽ കേന്ദ്ര ഗവൺമെന്റിന്റെ നിശ്ചിത ശതമാനം C.E.S.T കൊടുക്കാൻ പാർട്ടി ബാദ്ധ്യസ്ഥനാണ്.
16. മേൽകാണിച്ച നിബന്ധനകളിൽ മാറ്റം വരുത്താനോ പുതിയ നിബന്ധനകൾ വെക്കാനോ ബാങ്ക് ഭരണസമിതിക്കധികാരമുണ്ടായിരിക്കും. ഏതു കാര്യത്തിലും ഭരണസ
17. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് സാധനങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.
18. ആഡിറ്റോറിയം/ഡൈനിംഗ് ഹാൾ വാടകക്ക് അപേക്ഷിക്കുന്നതിന് മുൻപ് സൗകര്യങ്ങൾകണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. നിലവിലുള്ള സൗകര്യത്തിൽ കൂടുതലായി യാതൊരു സൗകര്യവും ബാങ്ക് ഉണ്ടാക്കിതരുന്നതല്ല.
19. ഹാൾ വാടകക്ക് എടുക്കുന്ന സമയത്ത് 5000ക. കോഷൻ ഡെപ്പോസിറ്റായി അടക്കേണ്ടതാണ്. ഹാളിനോ മറ്റ് സാമഗ്രികൾക്കോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ ടി തുക ആയതിന്റെ നഷ്ടത്തിലേക്ക് വകയിരുത്തുന്നതാണ്.

ഹാൾ വാടകക്ക് എടുക്കുന്ന വ്യക്തിയുടെ പേരും ഒപ്പും